# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/2290/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 12/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/2290/22 തീയ്യതി: 12/01/2023

## കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രതസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)

ശ്രീ.സതീഷ് കുമാർ സി.പി അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി അശ്വതി ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി.എം. കുട്ടികൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗിരീഷ് കുമാർ. സി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| എ.ജെ.ജോയ്. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| റിജുല | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 21-10-2021 |
| ജിതിൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 13-12-2021 | 08-03-2022 |
| ശ്രീമതി. പ്രസന്ന.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 28-02-2022 |
| ശ്രീമതി അജിത.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-03-2022 | 31-03-2022 |
| മഞ്ജുള.പി | വി.ഇ.ഒ. | 01-04-2021 | 03-08-2021 |
| പ്രിയങ്ക | വി.ഇ.ഒ. | 01-04-2021 | 15-11-2021 |
| നിസാദ് | വി.ഇ.ഒ. | 08-08-2021 | 25-09-2021 |
| ശശി.കെ.എം | വി.ഇ.ഒ. | 25-09-2021 | 31-03-2022 |
| നിബാഷ് | വി.ഇ.ഒ. | 16-11-2021 | 31-03-2022 |
| ഡോ. ശരണ്യ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. വിപിൻ .വി.വി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 20-09-2021 |
| ഡോ.അപർണ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 21-09-2021 | 31-03-2022 |
| ഡോ. ടി.കെ. മുഹമ്മദ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 30-04-2021 |
| ഡോ. നൗഷാദ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-05-2021 | 22-11-2021 |
| ഡോ. ഷീലാ റാണി | മെഡിക്കൽ | 23-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവേദം) | | |
| ഡോ. മുഹമ്മദ് റാഷിദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ്.പി.ആർ | കൃഷി ഓഫീസർ | 01-04-2021 | 17-10-2021 |
| ശ്രീമതി. അർച്ചന ശ്യാം | കൃഷി ഓഫീസർ | 18-10-2021 | 31-03-2022 |
| ശ്രീ. അബ്ദുൾ ബാരി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സന്ധ്യ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ശിവപ്രസാദ് | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1 -1 |
| 2 | വാർഷികകണക്ക് | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്ഷേമപദ്ധതികൾ | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | വ്യവസായ വളർച്ചാ കേന്ദ്രത്തിൽ നിന്ന് വസ്തുനികുതി ,തൊഴിൽ നികുതി ഈടാക്കിയില്ല. | 1-9 |
| 11 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു. | 1 -10 |
| 12 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 1- 11 |
| 13 | തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല | 1-12 |
| 14 | ചട്ട വിരുദ്ധമായി നികുതിയിളവ് നൽകുന്നു. | 1-13 |
| 15 | പശു ഗ്രാമം - വനിത-പ്രോജക്റ്റ് നിർവ്വഹണം അപാകതകൾ | 1-14 |
| 16 | ആട് ഗ്രാമം വനിത-പ്രോജക്റ്റ് നിർവ്വഹണം അപാകതകൾ | 1-15 |
| 17 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല | 1-16 |
| 18 | കൃഷി ഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - വാങ്ങൽ നടപടി സുതാര്യമല്ല | 1-17 |
| 19 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - തുക ചെലവഴിച്ച് ഒരു വർഷത്തോളമായിട്ടും മരുന്ന് ലഭ്യമായില്ല | 1-18 |
| 20 | എസ്.സി.പഠനമുറി കരാർ വച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-19 |
| 21 | തെരുവു വിളക്കുകൾ മുഴുവൻ എൽ.ഇ.ഡി ആക്കിയെങ്കിലും വൈദ്യുതി ചാർജ്ജിനത്തിൽ കുറവില്ല. | 1-20 |
| 22 | വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത | 1-21 |
| 23 | പ്രോജക്ടുകൾ പ്രകാരം തുക കൈമാറി - കെ.എം.എസ്.സി എല്ലിൽ നിന്നും മരുന്ന് ലഭ്യമായില്ല. | 1-22 |
| 24 | ഇ – പേയ് മെന്റ് മുഖേന അടവാക്കുന്ന തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് | 1-23 |

| | | |
|---|---|---|
| | ആവുന്നില്ല. | |
| 25 | പഞ്ചായത്തിൽ 5 വർഷ ഗ്യാരന്റിയുള്ള റോഡുകൾ നിർമ്മിച്ചില്ല. | 1-24 |
| 26 | ഡെപ്പോസിറ്റ് വർക്ക് സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-25 |
| 27 | ക്രൂസിന് (KREWS) വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1-26 |
| 28 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-27 |
| 29 | ടെണ്ടർ സ്വീകരിച്ച് സമയപരിധിക്കകം സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല | 1-28 |
| 30 | സ്പിൽഓവർ പ്രവൃത്തികൾ : തൻവർഷം ചെലവില്ല | 1-29 |
| 31 | അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-30 |
| 32 | വിലക്ക് നിലവിലുള്ള കാലം ആർജ്ജിതാവധി സറണ്ടർ ചെയ്തു | 1-31 |
| ഭാഗം **2** | | |
| 1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 2 -1 |
| 2 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു. | 2-2 |
| ഭാഗം **3** | | |
| 1 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1 -1 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തിയ്യതിയിലെ 20/02/2021 ലെ 1/(1)നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15/03/2022ലെ ഭരണസമിതി തീരുമാന നമ്പർ 5(1) പ്രകാരവും അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 2,67,74,657 | 2,50,13,357 | 17,61,300/- കുറവ് |
| വരവ് | 40,25,82,937 | 11,01,66,944 | 29,24,15,993/-കുറവ് |
| ആകെ | 4,29,35,57,594 | 13,51,80,301 | 29,41,77,293/-കുറവ് |
| ചെലവ് | 36,84,22,086/- | 9,79,68,419/- | 27,04,53,667/- കുറവ് |
| നീക്കിയിരിപ്പ് | 6,09,35,508/- | 3,72,11,882/- | 23,72,36,26/- കുറവ് |

<u>ബജറ്റ് ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.</u>

തൻവർഷം ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന കാണാം. തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1). ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തൻവർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രീ ബജറ്റ് പ്രൊപ്പോസൽ സ്വീകരിക്കുന്നതിന്റെ ഭാഗമായി 25/01/2021 ലെ എ1 – 10209(1) *19 കത്തിലൂടെ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം 05/02/21* ന് ഉച്ചയ്ക്ക് 2 മണിക്ക് വിളിച്ച് ചേർക്കുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ കൃഷിഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ , ഹെഡ് മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ മാത്രമാണ് നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രൊപ്പസൽ നൽകിയിട്ടുള്ളത് എന്ന് കാണുന്നു.

(2). സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-2 വാർഷികകണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 28.04.22 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഭരണസമിതിയുടെ 28/04/2022ലെ 1/ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെപ്പറയുന്നു.

1. ഓഡിറ്റിന് സമർപ്പിച്ച 2021-22 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല (ചട്ടം 62). ഉദാ- Advance To Implementing Officers എന്ന ഹെഡിൽ വാർഷിക കണക്കിൽ മുൻബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്ന തുക 10,01,877/-രൂപയാണ്. എന്നാൽ Advance രജിസ്റ്റർ പ്രകാരം 9,41,877/-രൂപയാണ്. 60,000/- രൂപയുടെ Payment Correction ജേണൽ പ്രകാരം വരുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച കുറിപ്പ് വാർഷിക കണക്കിനൊപ്പം രേഖപ്പെടുത്തിയിട്ടില്ല.
2. ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ നടക്കുന്നില്ല. എന്നിരുന്നിട്ടും അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് വിവരങ്ങൾ | നിക്കീബാക്കി |
|---|---|---|
| 1 | എസ്.ബി.ടി (PENSION A/c.5430) | 996/- |
| 2 | സിൻഡിക്കേറ്റ് ബാങ്ക് സാക്ഷരത(44032200059492) | 31445/- |
| 3 | എസ്.ബി.ടി (PAIKKA Acc -67128342852) | 324130/- |
| 4 | പനങ്ങാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് (SSA-Acc-3698) | 79,451/- |

പ്രത്യേക പദ്ധതി ചെലവുകൾക്കായി തുടങ്ങിയ അക്കൗണ്ടുകളിലെ (കാലാവധി പൂർത്തിയായ) നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കിയിട്ടില്ല.

3. (Advance To Implementing Agencies - Deposit With Public Work Department ) എന്ന ഹെഡിൽ പൊതുമരാമത്ത് വകുപ്പിന് 2013 - ൽ നൽകിയ അഡ്വാൻസ് തുക 1,90,000/-നാളിതുവരെ ക്രമീകരിച്ചിട്ടില്ല.
4. 2021 -22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ പ്രവൃത്തികൾക്കായി ഇ - ടെണ്ടർ നടത്തിയിട്ടുണ്ടെങ്കിലും ഇ - ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രത്യേക പദ്ധതി ചെലവുകൾക്കായി തുടങ്ങിയ അക്കൗണ്ടുകൾ കാലാവധി പൂർത്തിയായവ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കേണ്ടതും, പൊതുമരാമത്ത് വകുപ്പിന് 2013 - ൽ നൽകിയ അഡ്വാൻസ് തുക 1,90,000/- ക്രമീകരിക്കേണ്ടതുമാണ്. കൂടാതെ ഇ-ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ സമയബന്ധിതമായി വരവ് വെയ്ക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,50,13,357 |
| വരവ് | 11,01,66,944 |

| | |
|---|---|
| ആകെ | 13,51,80,301 |
| ചെലവ് | 9,79,68,419 |
| നീക്കിയിരിപ്പ് | 3,72,11,882 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19023415 | 19023415 | 18999654 | 23761 |
| വികസന ഫണ്ട്-എസ്.സി.പി | | 8730744 | 8730744 | 8426984 | 303760 |
| വികസന ഫണ്ട്-<br>ടി.എസ്.പി (ACR പ്രകാരം) | | 577200 | 577200 | 577200 | 0 |
| മെയിന്റനൻസ്,<br>റോഡ് (ACR പ്രകാരം) | 0 | 7150000 | 7150000 | 5376074 | 1773926 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 8337665 | 8337665 | 5005153 | 3332512 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(അൺടൈഡ് ബേസിക്ക് ഗ്രാന്റ്) | Bank | 5215768 | 4035000 | 3610051 | 424949 |
| | Treasury | | 1180768 | 953691 | 227077 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | Bank | 10756401 | 6053000 | 3971001 | 2081999 |
| | Treasury | | 4703401 | 946118 | 3757283 |
| എസ്. എസ്.എ | 76160 | 3291 | 79451 | 0 | 79451 |
| ഐ.സി.ഡി.എസ് | 1871042 | 1495370 | 3366412 | 2263656 | 1102756 |
| ശുചിത്വ മിഷൻ | 3319265 | 0 | 3319265 | 1415220 | 1904045 |
| സാക്ഷരത | 30549 | 896 | 31445 | 0 | 31445 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 160088938 | 150 | 77705540 | 14 | 27 | 78.53 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 11 | 11 | 5258860 | 5207500 | 99.02 % |
| വെറ്ററിനറി സർജൻ | 6 | 6 | 3370200 | 3370200 | 100 % |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 12 | 12 | 3694209 | 3654337 | 98.9% |
| മെഡിക്കൽ ഓഫീസര് (ഹോമിയോ) | 2 | 2 | 275000 | 254830 | 92.6% |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 1555000 | 1555000 | 100 % |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1104000 | 468925 | 42.4% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 9 | 7 | 77367319 | 16700435 | 29.3% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 8676364 | 8546413 | 98.5% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 61 | 46362752 | 26775329 | 57.7% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1031302 | 1031302 | 100% |
| സെക്രട്ടറി | 37 | 32 | 7618316 | 6521123 | 85.5 % |
| അസി.സെക്രട്ടറി | 7 | 7 | 2708816 | 2664946 | 98.3% |
| ഹെഡ് മാസ്റ്റർ | 5 | 4 | 1066800 | 955200 | 89.5% |
| | 191 | 165 | 160088938 | 77705540 | 48.5% |

ഡി.പി.സി. അഗീകാരം ലഭിച്ച 191 പ്രൊജക്ടുകളില് 115 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 160088938/-രൂപ വകയിരുത്തിയതിൽ77705540/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2817254 /-രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി.അംഗീകാരം ലഭിച്ച 79 മരാമത്തു പ്രൊജക്ടുകളിൽ 60 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 46362752 /- രൂപ വകയിരുത്തിയതിൽ 26775329/-രൂപയാണ് 2021 -22 വർഷത്തിൽ ചെലവഴിച്ചത്. അതായത് 57.7ശതമാനം മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 19023415 | 19023415 | 18999654 | 23761 |
| വികസന ഫണ്ട്-എസ്.സി.പി | | 8730744 | 8730744 | 8426984 | 303760 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 577200 | 577200 | 577200 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7150000 | 7150000 | 5376074 | 1773926 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 8337665 | 8337665 | 5005153 | 3332512 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക്ക് ഗ്രാന്റ്) | Bank | 5215768 | 4035000 | 3610051 | 424949 |
| | Treasury | | 1180768 | 953602 | 227166 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | Bank | 10756401 | 6053000 | 3971001 | 2081999 |
| | Treasury | | 4703401 | 946118 | 3757283 |
| ആകെ | | 59791193 | 59791193 | 47865837 | 11925356 |

പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാത്തതിനാലും, ഫലപ്രദമായ മോണിറ്ററിംഗ് ഇല്ലാത്തതിനാലും ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായി ഉപയോഗിക്കേണ്ട 1,19,25,356/- രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ഭാവിയിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 12968000 | 842 |
| വിധവാ പെൻഷൻ | 24382000 | 1621 |
| വാർദ്ധക്യകാല പെൻഷൻ | 41851600 | 3181 |
| വികലാംഗ പെൻഷൻ | 6523900 | 446 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1086500 | 74 |
| തൊഴിൽരഹിത വേതനം | 4080 | 2 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 240000 | 8 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2022 ന് 02.30 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8048/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്ത് തലത്തിൽ നിലവിലുണ്ട്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വളരെ മെച്ചപ്പെട്ടതാണെന്ന് കാണുന്നു. എല്ലാ ദിവസവും രാവിലെ 10 മണിക്ക് സെക്രട്ടറിയും സ്റ്റാഫും 5 മിനിട്ട് ഇരുന്ന് Daily Briefing നടത്തിയാണ് അന്നത്തെ ദിവസം തുടങ്ങുന്നത്. ഈ Daily Briefing ൽ ഓരോ സീറ്റിലേയും Delayed File ഏതൊക്കെയാണെന്ന് നോട്ട് ചെയ്ത് അന്നേ ദിവസം തന്നെ തീർപ്പാക്കുന്നതിന് നടപടിയെടുക്കും. Urgent ഫയൽ ഏതൊക്കെയാണെന്ന് നോട്ട് ചെയ്ത് അത് ആദ്യം തന്നെ ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ചിട്ടയായി പോകുന്നതിനാൽ സെക്ഷനുകളിലെ പെന്റിംഗ് ഫയലുകൾ വളരെ കുറവാണ്. ഇതു കൂടാതെ ഓരോ സ്റ്റാഫും തങ്ങൾ കൈകാര്യം ചെയ്യുന്ന സീറ്റിലെ വിഷയം സംബന്ധിച്ച് ഒരു ക്ളാസ്,മെമ്പർമാർ,മറ്റ് സ്റ്റാഫ് എന്നിവർക്കായി ഒരു ട്രെയിനിംഗ് എന്ന രീതിയിൽ രണ്ടു മാസം കൂടുമ്പോൾ നടത്തും . ഇത് മെമ്പർമാർ,ജീവനക്കാർ എന്നിവർക്ക് ഓഫീസിന്റെ എല്ലാ കാര്യങ്ങളിലും കൃത്യമായ ഒരു അവബോധം നൽകുന്നതിന് വളരെ ഫലപ്രദമാണ്.

ഓഫീസ് ഓർഡർ നമ്പർ എ2-7242/2021) തീയ്യതി-18-09-2021 പ്രകാരം ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വാർഷിക കണക്കിലെ ഹെഡ് വൈസായി കൃത്യമായി വിഭജിച്ചുനൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. 2021-22 കോവിഡ് കാലയളവൊഴിച്ചാൽ 9 പ്രാവശ്യം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു കൂട്ടിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. പരാതി രജിസ്റ്ററിൽ പരാതിയിൽ കൈകൊണ്ട തീരുമാനം രേഖപ്പെടുത്തി കൃത്യമാക്കി സൂക്ഷിച്ചിട്ടുണ്ട്. കാഷ്ബുക്ക്, ഡേ ബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കുന്നുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകളിൽ അബ്സ്ട്രാക്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമാക്കി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടില്ല. 1994-95 മുതൽ 2018-19 വരെ വിവിധ റിപ്പോർട്ടുകളിലായി 261 പരാമർശങ്ങൾ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നു. ഇതിന് നിലവിൽ അദാലത്തിൽ മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്.

പഞ്ചായത്തിൽ 5 ക്ലാർക്ക്, 3 സീനിയർ ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ ചുമതല ഒരു പരിധി വരെ കൃത്യമായി നിർവ്വഹിക്കുന്നുണ്ട്. നിലവിൽ ഐ.എൽ.ജി.എം.എസ് മുഖേന ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ട്. ആയതിനാൽ തന്നെ നേരിട്ട് നികുതി വിവരം ഐ.എൽ.ജി.എം.എസിലേക്ക് കാലികമാക്കുന്നതിനാൽ മാന്വൽ രസീതിയുടെ ഉപയോഗം കുറയ്ക്കുന്നതിനും ഡാറ്റാ എൻട്രി ചെയ്യുന്നതിനുള്ള സമയം മറ്റ് ജോലികൾക്കായി വിനിയോഗിക്കാനും സാധിക്കുന്നു.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ നിലവിൽ പഞ്ചായത്ത് വളരെയധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. ഇപ്രകാരം ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്.

1-9 വ്യവസായ വളർച്ചാ കേന്ദ്രത്തിൽ നിന്ന് വസ്തുനികുതി ,തൊഴിൽ നികുതി ഈടാക്കിയില്ല.

ഫയൽ നമ്പർ - എ4 -2804/19/ *20/*03/2019

ഗ്രാമപഞ്ചായത്തിന്റ പരിധിയിലുള്ള 310.71 ഏക്കർ ഭൂമിയിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ ഒരു വ്യവസായ വളർച്ചാ കേന്ദ്രം ( Industrial Growth Centre ) പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്രം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ നേരിട്ടുള്ള ഉടമസ്ഥതയിലുള്ളതും, സ്വകാര്യസംരംഭകരുടേതുമായി പ്രർത്തിക്കുന്നതാണ്.

വസ്തുനികുതി ഒടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2019 മുതൽ യഥാസമയം ഡിമാന്റ് നോട്ടീസ് നിയമാനുസൃതം നൽകിയിരുന്നുവെങ്കിലും നാളിതുവരെയുള്ള കുടിശ്ശികയും, തുടർ വർഷങ്ങളിലും വസ്തുനികുതി അടവാക്കിയിട്ടില്ല. മേൽ ഡിമാന്റ് നോട്ടീസിന് മറുപടിയായി ജില്ലാ വ്യവസായ വികസനസമിതി & ജനറൽ മാനേജറുടെ 09/12/2019 ലെ DIGKKD/4235/2019 – C5 ലെ കത്ത് പ്രകാരം ജില്ലാ കലകട്റുടെ അദ്ധ്യക്ഷതയിൽ ചേർന്ന 29/10/2019 ൽ ചേർന്ന ജില്ലാ വ്യവസായ വികസന സമിതിയുടെ യോഗത്തിന്റെ 4 -ാം മത് തീരുമാന പ്രകാരം കേരള മുനിസിപ്പാലിറ്റി ആക്റ്റ് നിർവ്വചനം 2.43. പി ,ഇൻഡ്യൻ ഭരണഘടന 243 Q, 1999ലെ കേരള വ്യവസായ ഏകജാലക ക്ലിയൻസ് ബോർഡുകളും, വ്യവസായ നഗര പ്രദേശ വികസനവും ആക്ട് 14 പ്രകാരവും വ്യവസായ പ്രദേശത്ത് വസ്തുനികുതിയും, തൊഴിൽ നികുതിയും പിരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യാതൊരു

അധികാരവും ഇല്ലായെന്നും പരാമർശിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ മേൽ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിഷയത്തിന് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ബഹു. പ്രിൻസിപ്പൾ സെക്രട്ടറിക്ക് പഞ്ചായത്ത് പ്രസിഡണ്ട് 22.06.2019 ലെ എ4 2804/19 കത്ത് നൽകിയിട്ടുണ്ട്. ഇതിന് മറുപടിയായി ലഭ്യമാക്കിയ സ്പഷ്ടീകരണത്തിൽ 08.09.2004ലെ SRO No.966/2004 പരിധിയിൽ KSIDCയുടെ ഉടമസ്ഥയിലുള്ള വ്യവസായ കെട്ടിടങ്ങൾ ഉൾപ്പെടുന്നില്ലെങ്കിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 19ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രകാരം നികുതി ഈടാക്കുന്നതിനായി കൈകൊണ്ടിട്ടുള്ള നടപടികൾ തുടരാവുന്നതാണെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്.

മേൽ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വരെ കെട്ടിട നമ്പർ നൽകി നികുതി അടവാക്കികൊണ്ടിരുന്ന സ്വകാര്യ വ്യവസായ സ്ഥാപന ഉടമകളുടെ കെട്ടിടങ്ങൾക്കെതിരെ ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരമുള്ള പ്രൊസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കെട്ടിടത്തിന്റെയും, കുടിശ്ശിക ഈടാക്കുന്നതിനുള്ളതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | സബ്ബ് നമ്പർ | ഉടമസ്ഥന്റെ പേര് | 2021 -22 വരെ ഈടാക്കാനുള്ള കുടിശ്ശിക വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 14 | A | അബ്ദുൾ നസീർ കിനാലൂർ | 4391 | 2019-20മുതൽഉള്ള കുടിശ്ശിക |
| 2 | 7/527 | A | സന്തോഷ് കുമാർ കിനാലൂർ | 100716 | 2021 - 21 മുതൽ ഉള്ള കുടിശ്ശിക |
| 3 | 7/527 | AA | സജ്ന വി ബാലുശ്ശേരി | 16659 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 4 | 7/527 | AB | മുഹമ്മദ് ഇല്ല്യാസ് കിനാലൂർ | 10764 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 5 | 7/527 | AC | വി.കെ.സി ഫുട് വെയർ, കിനാലൂർ | 26646 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 6 | 7/527 | AD | കുഞ്ഞപ്പൻ ആന്റണി , കിനാലൂർ | 13234 | 2020-21 മുതൽ ഉള്ള കുടിശ്ശിക |
| 7 | 7/527 | AE | ജിതേഷ് ,കിനാലൂർ | 10972 | 2020-21 മുതൽ ഉള്ള കുടിശ്ശിക |
| 8 | 7/527 | AG | നിഷില ,കിനാലൂർ | 42519 | 2019-20 മുതൽ ഉള്ള കുടിശ്ശിക |

| | | | | | |
|---|---|---|---|---|---|
| 9 | 7/527 | BG | ശ്രീരാഗ് എം.വി , കിനാലൂർ | 2079 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 10 | 7/527 | BJ | ജുനൈദ് വി ,കിനാലൂർ | 38802 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 11 | 7/527 | BK | ജിതിൻ വി.കെ , കിനാലൂർ | 117720 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 12 | 7/527 | D | എ.ടി ആലിക്കോയ , കിനാലൂർ | 39143 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 13 | 7/527 | E | എൻ.സി ആലിക്കോയ, കിനാലൂർ | 17602 | 2020-21 മുതൽ ഉള്ള കുടിശ്ശിക |
| 14 | 7/527 | G | പി.ഒ കുര്യൻ ,കിനാലൂർ | 75892 | 2018-19 മുതൽ ഉള്ള കുടിശ്ശിക |
| 15 | 7/527 | H | ഹമീദ് അലി കെ .എം ,കിനാലൂർ | 80850 | 2018-19 മുതൽ ഉള്ള കുടിശ്ശിക |
| 16 | 7/527 | J | ഹമീദ് അലി കെ .എം ,കിനാലൂർ | 49640 | 2018-19 മുതൽ ഉള്ള കുടിശ്ശിക |
| 17 | 7/527 | K | ഹമീദ് അലി കെ .എം,കിനാലൂർ | 21762 | 2018-19 മുതൽ ഉള്ള കുടിശ്ശിക |
| 18 | 7/527 | L | ആഷിം കിനാലൂർ | 6963 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 19 | 7/527 | L. | അബ്ദുൾ നസീർ കിനാലൂര് | 38373 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 20 | 7/527 | M | നൗഷർ സി കിനാലൂര് | 45528 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 21 | 7/527 | N | നൗഷർ കിനാലൂർ | 41610 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 22 | 7/527 | P | അബ്സർ വി.ഐ കിനാലൂര് | 26379 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 23 | 7/527 | Q | എസ് ഓനമനകുട്ടൻ കിനാലൂര് | 25988 | 2020-21 മുതൽ ഉള്ള കുടിശ്ശിക |
| 24 | 7/527 | R | ഷാജി ജോസ്ഥ് കിനാലൂർ | 47169 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 25 | 7/527 | S | മുഹമ്മദ് സിദ്ദീഖ് കിനാലൂർ | 1147 | 2020-21 മുതൽ ഉള്ള കുടിശ്ശിക |
| 26 | 7/527 | T | നൗഷാദ് കൊച്ചിൻ കിനാലൂർ | 38972 | 2018-19 മുതൽ ഉള്ള കുടിശ്ശിക |

| | | | | | |
|---|---|---|---|---|---|
| 27 | 7/527 | U | രജിത്ത് കിനാലൂർ | 42102 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 28 | 7/527 | UB | രജിത്ത് കിനാലൂർ | 26979 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 29 | 7/527 | V | ജ്ലലി ഫാത്തിമ കിനാലൂർ | 56754 | 2018-19 മുതൽ ഉള്ള കുടിശ്ശിക |
| 30 | 7/527 | W | ഫൈസൽ റഹ്മാൻ കിനാലൂര് | 44814 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 31 | 7/527 | Y | വി അബ്ദുൾ റഷീദ് കിനാലൂർ | 231142 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| 32 | 7/527 | Z | സജ്ന വി കിനാലൂർ | 4158 | 2020-21 മുതൽ ഉള്ള കുടിശ്ശിക |
| 33 | 7/528 | A | മുസാമിൽകിനാലൂർ | 17193 | 2019-20 മുതൽ ഉള്ള കുടിശ്ശിക |
| | | | | 13,64,662 | |

മേൽ കുടിശ്ശികയുടെയും, പ്രൊസിക്യൂഷൻ നടപടി, കേസ് എന്നിവയുടെ നിലവിലെ വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/21-22/30/11/22) മറുപടി ലഭ്യമാക്കിയിട്ടില്ല. കേസിന്റെയും പ്രൊസിക്യൂഷൻ നടപടികളുടെയും തുടർനടപടികൾ അറിയിക്കേണ്ടതും കുടിശ്ശിക നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

1 -10 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടത്തിലെ) 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് വസ്തുനികുതി നിർണ്ണയിച്ചതിനാൽ 250 ച.മീ താഴെയുള്ള മുറികൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ കണക്കാക്കുന്നില്ല. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർദ്ധനവുണ്ട്. സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോറം 6 പ്രകാരം ഒരു ഉടമസ്ഥന്റെ ഒരേ ഉപയോഗത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിടത്തെ വ്യത്യസ്ത നമ്പർ നൽകി നികുതി നിർണ്ണയിക്കപ്പെട്ടതിനാലും, സഞ്ചയ സ്റ്റോറ്റ് വെയറിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ ഇത്തരത്തിലുള്ള വർദ്ധനവ് ബാധകമാവുകയുള്ളൂ എന്നതിനാലും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്തിയിട്ടില്ല. മേൽ കാരണത്താൽ 2021-22 സാമ്പത്തിക വർഷം നികുതി നഷ്ടം സംഭവിച്ച കെട്ടിടത്തിന്റെ എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗ ക്രമം |
|---|---|---|---|
| അബ്ദുൾ റസാഖ് തിയ്യക്കണ്ടി ,കിനാലൂർ | 154A-24.46M$^2$ | 395.57 ച.മീ | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ തുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാൾ |
| | 154 B -24.46 M$^2$ | | |
| | 154 C -48.98 M$^2$ | | |
| | 154 D-24.46 M$^2$ | | |
| | 154 E -24.46 M$^2$ | | |
| | 154 F -24.46 M$^2$ | | |

| | |
|---|---|
| | 154 G- 117.8M$^2$ |
| | 154 H – 88.41 M$^2$ |
| | 377.49 ച.മീ |

മേൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം ആകെ തറവിസ്തീർണ്ണം 395.57 ച.മീറ്ററാണ്. എന്നാൽ നികുതി നിർണ്ണയിക്കപ്പെട്ടത് 377.49 ച.മീ മാത്രമാണ്. നികുതി നിർണ്ണയത്തിൽ നിന്നും 18.08 ച.മീറ്റർ ഒഴിവാക്കപ്പെട്ടതുമൂലവും, 395.57 ച.മീറ്ററിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്താത്തതിനാലും വസ്തുനികുതി ഇനത്തിലും ഗ്രന്ഥശാലാവരി ഇനത്തിലും നഷ്ടം വന്നിട്ടുണ്ട്.

18.08 ച.മീറ്റർ ഒഴിവാക്കപ്പെട്ടതുമൂലമുള്ള നഷ്ടം

18.08 X75+20% (റോഡിന്റെ തരം) +15% (മേൽതരം തറനിർമ്മിതി)
+5% (ഗ്രന്ഥാശാലാവരി)=1831 +92/-രൂപ

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നഷ്ടം

ആയതിനാൽ ഈ ഇനത്തിൽ 377.49X75 = 28311.75X15% = 4247 രൂപ വസ്തുനികുതി
ഇനത്തിലും, ഗ്രന്ഥശാലാവരി ഇനത്തിൽ 213/- രൂപയും നഷ്ടം വന്നിട്ടുണ്ട്.

ആയതിനാൽ 6078 രൂപ മേൽ കെട്ടിടത്തിൽ നിന്ന് വസ്തുനികുതി ഇനത്തിലും, ഗ്രന്ഥശാലാവരി ഇനത്തിൽ 305/- രൂപയും നഷ്ടം വന്നിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (16/21 – 22/ തീയതി - 29.11.2022) ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.
250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യം/പാർപ്പിടാവശ്യം ഉൾപ്പെടെ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർദ്ധനവ് ചുമത്തി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഒരു ഉടമസ്ഥന്റെ കെട്ടിടത്തിന് വ്യത്യസ്ത ഉപയോഗത്തിനല്ലാത്ത പക്ഷവും, വ്യക്തമായ കാരണം ഇല്ലാതെയും ഓരോ മുറികൾക്ക് പ്രത്യേകം നമ്പർ നൽകി നികുതി നിർണ്ണയിക്കുന്നത് ശരിയായ നടപടിയല്ല. ഇത്തരത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിനുള്ള സാഹചര്യത്തിനും, മേൽ അപാകതയ്ക്കും മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1- 11 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021 – 22 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച്

അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 30/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. മേൽ ചട്ടത്തിലെ 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്,മേൽവിലാസം | കെട്ടിട നമ്പർതറവിസ്തീർണ്ണം | റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള/ നികുതി ഈടാക്കിയ തറവിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | ഇബ്രാഹിം ,ചന്ദ്രത്തിൽ | 13/319B=63.69 $M^2$<br>13/319C=26.04 $M^2$<br>13/319D=25.95 $M^2$<br>13/319E=25.86 $M^2$<br>141.54 $M^2$ | 141.54 $M^2$ | 141.54X30+ 20% =5097 +256 | 141.54X50+ 20% = 8492 + 425 |

മേൽ കെട്ടിടത്തിന്റെ പുന:സമർപ്പിച്ച പൂർത്തികരണ പ്ലാൻ പ്രകാരം 100 $M^2$വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപ എന്ന രീതിയിൽ കണക്കാക്കാത്തതിനാൽ വസ്തുനികുതി ഈടാക്കിയതിൽ തൻ വർഷം മുതൽ 3395/-രൂപയും, ലൈബ്രറി സെസ്സിനത്തില് 169/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/2021 - 22 തീയതി - 29.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരവും, യഥാർത്ഥത്തിൽ ബാധകമായ നിരക്ക് പരിഗണിച്ചും നികുതി നിർണയിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട സെക്ഷനും, സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സാമ്പത്തിക വർഷത്തിൽ ലഭിച്ച FTE&OS ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

| ക്രമ നം. ( FTE&OS ലൈസൻസ് രജിസ്റ്റർ) | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 16 | തലയാട് ഫ്യുവൽസ് | 4 |
| 39 | ഡെറ്റി ടെക്നോളജീസ് | 3 |
| 63 | മാമു ഹാജി മെമ്മോറിയൽ വുഡ് ഇൻഡസ്ട്രീസ് | 5 |
| 64 | സോപാനം ഹോട്ടൽ | 3 |
| 88 | അഭയ ഫുട് വെയർ വർക്ക്സ് | 5 |
| 86 | സ്പോർട് ഫൂട്ട് വെയർ വർക്ക്സ് | 5 |
| 151 | നക്ഷത്ര ഹോട്ടൽ & ഫാസ്റ്റ് ഫുഡ് തലയാട് | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്യുതിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പരാമർശിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ചട്ട വിരുദ്ധമായി നികുതിയിളവ് നൽകുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 21പ്രകാരം ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിവായി കിടക്കുന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി നികുതി ഇളവ് (പകുതിയിൽ കവിയാത്ത തുക) ചെയ്തു കിട്ടുന്നതിന് അർഹതയുണ്ട്. ഇതിനായി കെട്ടിട ഉടമയോ അയാളുടെ ഏജന്റോ ആ കെട്ടിടം ഒഴിഞ്ഞു കിടക്കുകയോണെന്നോ, ഏതു തിയ്യതി മുതൽ ഒഴിഞ്ഞു കിടക്കുമെന്നോ ഉള്ളതിലേയ്ക്ക് സെക്രട്ടറിയ്ക്ക് നോട്ടീസ് (അപേക്ഷ) കൊടുക്കേണ്ടതാണ്. ഇപ്രകാരം ഇളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തിയ്യതി മുതൽക്കോ, കെട്ടിടം ഒഴിഞ്ഞ് കിടന്ന തിയ്യതി മുതൽക്കോ ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തിയ്യതി മുതൽ കണക്കാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ചാൽ അപേക്ഷാ തിയ്യതി പരിഗണിക്കാതെ മുഴുവൻ അർദ്ധവർഷത്തിനും ബാധകമാക്കി നികുതിയിളവ് നൽകുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | ഫയൽ നം | അപേക്ഷ ലഭിച്ച തിയ്യതി | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ഇളവു നല്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | B5-7712/21 | 09/12/21 | മുഹമ്മദ്അഷറഫ് മുഹമ്മദ്ഹാരീസ് | 13/113 S | 01.10.21മുതൽ 31.3.22 വരെ |
| 2 | 9723/13 /12/22 | 13/12/22 | അമ്മദ്കോയ | 13/783 A | 01.10.21 മുതൽ 31.3.22 വരെ |

ചട്ടങ്ങൾക്ക് വിരുദ്ധമായി നികുതിയിളവ് നൽകുന്നത് വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (14/21-22/29.11.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടങ്ങൾക്ക് വിരുദ്ധമായി നികുതിയിളവ് നൽകുന്നത് വിശദീകരിക്കേണ്ടതാണ്.

1-14 പശു ഗ്രാമം - വനിത-പ്രോജക്ട് നിർവ്വഹണം അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം/പേര് | 19/22 പശു ഗ്രാമം വനിത |
| വകയിരുത്തിയ തുക | 770000(വികസന ഫണ്ട്)+<br>770000(ബാങ്ക് ലോൺ) = 1540000 |
| ചെലവ് തുക | 110000+220000+110000+137500+27500+ 55000+82500+27500=770000(വികസന ഫണ്ട്)+770000(ബാങ്ക് ലോൺ) = 1540000 |
| ബിൽ നം | 120/26-10-21, 140/19-11-21,<br>167/22-12-21, 265/17-2-22,<br>295/2-3-22, 342/14-3-22,<br>367/18-3-22, 376/22-3-22. |

പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 28 വനിതകൾക്ക് ഗുണഭോക്തൃ കമ്മറ്റിയുടെ മേൽനോട്ടത്തിൽ പശുവിനെ ലഭ്യമാക്കുന്നതിനും ഇതിനു വേണ്ട ഗുണഭോക്തൃ വിഹിതം വായ്പയായി ലഭ്യമാക്കുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. 55,000/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് 27,500/- രൂപ വികസന ഫണ്ടും 27,500/- രൂപ ബാങ്ക് ലോണുമാണ് പശുവിനെ വാങ്ങുന്നതിനായി ലഭ്യമാക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

എ. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീ.14-2-2018 ഖ.6.2 പ്രകാരം ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കണം. എന്നാൽ ഇവിടെ സബ്സിഡി കൈപ്പറ്റിയ 28 വനിതകളുമായും നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വെച്ചിട്ടില്ല.

ബി. പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. എന്നാൽ ഇവിടെ ഗുണഭോക്താക്കൾ സ്വന്തമായി ഉരുക്കളെ കണ്ടെത്തി വാങ്ങിയ ശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി അനുവദിക്കുകയാണ് ചെയ്യുന്നത്.

സി. വാങ്ങിയ പശുക്കളെ മുഴുവൻ ഇൻഷ്വർ ചെയ്തിട്ടില്ല.

പ്രൊജക്ട് പ്രകാരം പശുക്കളെ വാങ്ങിയ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ പശുക്കളെ ഇൻഷ്വർ ചെയ്തിട്ടില്ല.

1.ജയമോൾ മുല്ലിയെമ്പള്ളി - വാർഡ്-5

2.സത്യവതി എലോന്തിക്കൽ-വാർഡ്-15

3.റംല പൊയിലിൽ -വാർഡ്-9

4.ശ്യാമള ഈങ്ങാക്കെട്ടുമ്മൽ-വാർഡ്-8

5.റസിയ പറച്ചിക്കോടൻ-വാർഡ്-5

6.അനില നടുപ്പൊയിൽ- വാർഡ്-9

7.സുമിത പൂവത്തിൻചോല- വാർഡ്-7

ഡി .ഗുണഭോക്താക്കളുടെ ലോണിന് വ്യത്യസ്ത നിരക്കിൽ പലിശ ഈടാക്കുന്നു.

പനങ്ങാട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നുമാണ് ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിനുള്ള ലോൺ അനുവദിച്ചിരിക്കുന്നത്. 36 മാസം കൊണ്ടാണ് ലോൺ അടച്ച തീർക്കേണ്ടത്. ലോൺ അക്കൗണ്ട് പരിശോധിച്ചപ്പോൾ ഒരേ ബാങ്കിൽ നിന്ന് ഒരേ ആവശ്യത്തിനെടുത്ത ലോണിന് വ്യത്യസ്ത നിരക്കിൽ പലിശ ഈടാക്കുന്നതായി കണ്ടു. ഉദാഹരണമായി ശ്രീമതി പ്രിയ മുരിങ്ങത്തുചാലിൽ എന്നവർക്ക് 10% നിരക്കിലും ,ശ്രീമതി സതീദേവി മണ്ണലത്ത് എന്നവർക്ക് 9% നിരക്കിലുമാണ് ലോണിന് പലിശ ഈടാക്കി വരുന്നത്. ഇത് ശരിയായ നടപടിയല്ല. പ്രോജക്ട് നടപ്പിലാക്കുന്നതിന് ലോൺ അനുവദിക്കുമ്പോൾ പലിശ നിരക്ക് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ബാങ്കുമായി ധാരണയിലെത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

29-11-2022 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ പശുവിനെ വാങ്ങിയ 3 പേരുടെ വീടുകൾ സന്ദർശിച്ചു. ശ്രീമതി സതീദേവി മണ്ണാലത്ത് എന്നവർ പശുവിനെ പ്രാദേശികമായി വാങ്ങിയതാണെന്നും പ്രത്യുൽപ്പാദനശേഷി ഇല്ലാത്തതിനാൽ വിൽക്കാൻ തീരുമാനിച്ചതായും അറിയിച്ചു. ശ്രീമതി പ്രിയ മുരിങ്ങനാട്ടുചാലിൽ എന്നവർ പശുവിനെ വിറ്റതായി അറിയിച്ചു. ശ്രീമതി പാത്തുമ്മ എടത്തിൽപടി എന്നിവർ പശുവിന് രോഗം ബാധിച്ചപ്പോൾ വെറ്ററിനറി സർജന്റെ നിർദ്ദേശ പ്രകാരം പശുവിനെ വിറ്റ് അതിന്റെ വിലയ്ക്ക് മറ്റൊന്നിനെ വാങ്ങി ഉപജീവനം നടത്തുന്നു. ശ്രീമതി ശ്യാമള ഈങ്ങാങ്ങാക്കെട്ടുമ്മൽ- വാർഡ് -8 എന്നവരെ ഫോണിൽ വിളിച്ച് അന്വേഷിച്ചപ്പോൾ ടിയാരിക്ക് കൈ ഓപ്പറേഷൻ ചെയ്തതിനാൽ പശുവിനെ പരിപാലിക്കാൻ കഴിയാത്തതിനാൽ 2 മാസം മുൻപ് പശുവിനെ വിറ്റതായി അറിയിച്ചു. പ്രസ്തുത വിവരം വെറ്ററിനറി സർജനെ അറിയിച്ചിട്ടുമില്ല.

മാർഗ്ഗരേഖ പ്രകാരം പശുക്കളെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറായും ജനപ്രതിനിധി ചെയർമാനുമായുള്ള ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിച്ച് പ്രസ്തുത സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത് എന്ന് നിർദ്ദേശിക്കുന്നുണ്ട്. അതിനു പകരം ഗുണഭോക്താക്കൾ സ്വന്തമായി ഉരുക്കളെ കണ്ടെത്തി പ്രാദേശികമായി വാങ്ങിയതിനാൽ തന്നെ പശുക്കളുടെ ഗുണമേൻമയും പാലുൽപാദനവും എത്രത്തോളമുണ്ടെന്ന് ഉറപ്പാക്കാനായിട്ടില്ല. മാത്രമല്ല ഇത് ഗ്രാമപഞ്ചായത്തിന്റെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നുമില്ല. പഞ്ചായത്തിൽ നിന്നും പശുവിനെ വാങ്ങിയ ഉടനെ വിൽക്കുന്നതിന് കാരണം തുടർ മോണിറ്ററിംഗിന്റെ അഭാവമാണ്. ഇതു കാരണം യഥാർത്ഥ ക്ഷീര കർഷകന് പശുവിനെ ലഭിക്കാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ പദ്ധതി ലക്ഷ്യം പൂർത്തികരിക്കാത്തതായി വിലയിരുത്തുന്നു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(17/30-11-22) മറുപടി നൽകിയിട്ടില്ല . അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും പരിഹരിക്കാവുന്നവ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്. പശുവിനെ വിറ്റ മേൽ 2 ഗുണഭോക്താക്കളിൽ നിന്നും സബ്സിഡി തുക തിരികെ ഈടാക്കി അർഹരായ മറ്റ് കർഷകർക്ക്

പശുവിനെ വാങ്ങി നൽകി അറിയിക്കേണ്ടതാണ്. അതുവരെ മേൽ 2 പേർക്ക് നൽകിയ സബ്സിഡി തുകയായ 55000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. മറ്റ് 24 ഗുണഭോക്താക്കളുടെ വിശദാംശങ്ങളും കൂടി തുടർ മോണിറ്ററിംഗ് നടത്തി പദ്ധതി ലക്ഷ്യം പ്രാപ്തിയിലെത്തിയിട്ടുണ്ടോ എന്നറിയിക്കേണ്ടതാണ്.

## 1-15 ആട് ഗ്രാമം വനിത-പ്രോജക്ട് നിർവ്വഹണം അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം/പേര് | 38/22 ആട് ഗ്രാമം വനിത |
| ചെലവു തുക | 250000(വികസനഫണ്ട്)+<br>250000(ബാങ്ക് ലോൺ) = 500000 |

പഞ്ചായത്തിലെ തിരഞ്ഞടുക്കപ്പെട്ട 25 വനിതകൾക്ക് ഗുണഭോക്തൃ കമ്മറ്റിയുടെ മേൽനോട്ടത്തിൽ ആടിനെ ലഭ്യമാക്കുന്നതിനും ഇതിനു വേണ്ട ഗുണഭോക്തൃ വിഹിതം വായ്പയായി ലഭ്യമാക്കുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ഒരാടിന് 20000 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് 10000 രൂപ വികസന ഫണ്ടും 10000 രൂപ ബാങ്ക് ലോണുമാണ് ആടിനെ വാങ്ങുന്നതിനായി ലഭ്യമാക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

എ. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭവ തീ.14-2-2018 ഖ.6.2 പ്രകാരം ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കണം. എന്നാൽ ഇവിടെ സബ്സിഡി കൈപ്പറ്റിയ 25 വനിതകളുമായും നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വെച്ചിട്ടില്ല.

ബി. പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. എന്നാൽ ഇവിടെ ഗുണഭോക്താക്കൾ സ്വന്തമായി ഉരുക്കളെ കണ്ടെത്തി വാങ്ങിയ ശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി അനുവദിക്കുകയാണ് ചെയ്യുന്നത്.

സി. വാങ്ങിയ ആടുകളെ മുഴുവൻ ഇൻഷ്വർ ചെയ്തിട്ടില്ല.

പ്രൊജക്ട് പ്രകാരം ആടുകളെ വാങ്ങിയ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ ആടുകളെ ഇൻഷ്വർ ചെയ്തിട്ടില്ല.

1.അരിയാരി,കുറ്റിക്കണ്ടി വയൽ -വാർഡ്-9

2.അമ്മിണി .പി.ടി,വട്ടോളി ബസാർ - വാർഡ്-13

3.സുധ ചേവാൻകണ്ടി,കണ്ണാടിപ്പൊയിൽ - വാർഡ്-19

4.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

പ്രൊജക്ട് പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ പദ്ധതിയുടെ മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. തുടർ മോണിറ്ററിംഗ് ഇല്ലാത്തതിനാൽ നിലവിൽ ആടിനെ വാങ്ങിയ ഗുണഭോക്താക്കൾ അവയെ ഉപജീവന മാർഗ്ഗമായി ഇപ്പോഴും പരിപാലിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച വിശദാംശവും ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(18/30-11-22) മറുപടി നൽകിയിട്ടില്ല . അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും പരിഹരിക്കാവുന്നവ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-16 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് ഓരോ തവണയും 2% വും,മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്.

അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി സർക്കാർ ഉത്തരവു പ്രകാരം 6 മാസം കൂടി നീട്ടി നൽകിയിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ, ടെണ്ടർ നിരക്ക് | ബിൽ/സാങ്ഷൻ ഓർഡർ നമ്പർ,തുക |
| | കല്ലിടുക്കിൽ പൂവ്വമ്പായ് മല റോഡ്,150/22 | 1,000,000/- | ഷൈജു.കെ, 929,267/- | (1)7/18-10-2021, 538,665/-, (2)33/22-03-2022, 223,830/- 3(3)408/30-03-2021, 231,375/-(2020-21ലെ ചെലവ്) (ആകെ = 993,870/-) |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| 1 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|
| | കരാർ തിയ്യതി | പൂർത്തീകരിക്കേണ്ട , കാലയളവ് തിയ്യതി | അധികരിച്ച 6 മാസം ചേർത്ത് പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ (7+8) |
| | 12-08-2020 | 231ദിവസം (31-03-2020), | 30-09-2021 | 31-12-2021 (92 ദിവസം) | 9292.67 (58ദിവസം) | 10894.85/- (34 ദിവസം /58 X 2%) | 20188/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത്

ആശാസ്യമല്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 20/2020-21ന് മറുപടി നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 20,188/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-17 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - വാങ്ങൽ നടപടി സുതാര്യമല്ല

കൃഷി ഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് നേരിട്ട് വാങ്ങുന്നതിനും, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമല്ലാത്ത പക്ഷം ക്വട്ടേഷൻ/ ടെണ്ടർ മുഖേന വാങ്ങുന്നതിനാണ് ചുവടെ കൊടുത്ത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

| | |
|---|---|
| പ്രോജക്ട് നമ്പർ - | S0063/22 |
| പ്രോജക്ടിന്റെ പേര് | കൃഷി ഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 60,000/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം ) |
| ചെലവ് | 60,000/- |
| ബിൽ സാങ്ഷൻ നമ്പർ/തീയതി | 302/28/02/2022 തുക -60,000/-രൂപ |

ഗ്രാമപഞ്ചായത്തിന്റെ 06/10/2021 നടന്ന സാധാരണ/അടിയന്തര യോഗത്തിലെ 1(7) നമ്പർ തീരുമാന പ്രകാരം 2019 - 20 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രകാരം ലാപ്പ്ടോപ്പ് പർച്ചേസ് ചെയ്യുന്നതിന് CPRCS പോർട്ടൽ മുഖേന 31/12/2019 ൽ പെർഫോർമ ഇൻ വോയ്സ് ജനറേറ്റ് ചെയ്ത് പർച്ചേസ് ഓർഡർ നൽകിയിരുന്നുവെങ്കിലും ഒരു വർഷത്തെ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും ആയതിന്റെ പശ്ചാത്തലത്തിൽ CPRCS സെപ്സിഫിക്കേഷൻ പ്രകാരം യഥാവിധ പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും കൃഷിഓഫീസർക്ക് അനുമതി നൽകിയിട്ടുമുണ്ട്.

സ.ഉ (എം.എസ്)നം. 24/2017/ITD/ 18/11/2017 , സ.ഉ (സാധാ)നം. 25/2017/ITD/ 01/02/2018 ഉത്തരവ് പ്രകാരവും ,18.03.2019 ലെ ഇലക്ട്രോണിക്സും, വിവര സാങ്കേതികവും വിദ്യ (ഐ.റ്റി.സെൽ) -1/26/2019 വി.സ.വ സർക്കുലർ പ്രകാരവും സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും ,തദ്ദേശ സ്വയംഭരണവകുപ്പുകൾക്കും കമ്പ്യൂട്ടറുകൾ ,പ്രിന്ററുകൾ ,സ്കാനറുകൾ തുടങ്ങിയ ഐ.റ്റി ഉപകരണങ്ങൾ കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ (CPRCS) കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് അല്ലാതെ വാങ്ങാൻ പാടുള്ളതല്ല എന്ന കർശന നിർദ്ദേശമുണ്ട്.

എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെ കൃഷിഓഫീസർ നടപ്പിലാക്കിയ പദ്ധതിയിൽ ക്വട്ടേഷൻ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുക ക്വാട്ട് ചെയ്ത് മിയ ഡിജിറ്റൽ എന്ന സ്ഥാപനത്തിൽ

നിന്ന് ACER DESKTOP M200 CORE I3/4GB – 38000/-രൂപ, PRINTER BROTHER DCP – B7535DW AIO LASERJET 19100/-രൂപ, UPS NUMERICA 600VA - 2900/ രൂപ എന്നിവ 1336/-26.02.2022 ഇൻവോയിസ് പ്രകാരം വാങ്ങി സ്റ്റോക്കിലെടുത്ത് ഉപയോഗിക്കുന്നുണ്ട്.

2019 - 20 സാമ്പത്തിക വർഷത്തിലെ പദ്ധതിയുടെ പശ്ചാത്തലത്തിൽ മാത്രം, ഐ.റ്റി ഉപകരണങ്ങൾ കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് അല്ലാതെ വാങ്ങിയതിന് കാരണം വ്യക്തമാക്കാനും, കൂടാതെ തൻ വർഷം പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ യു.പി.എസ് തുടങ്ങിയ ഐ.റ്റി ഉപകരണങ്ങൾ കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ (CPRCS) വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (11/2021-22/28.11.22) ക്ക് കൃഷിഓഫീസർ 30/11/2022 ൽ ലഭ്യമാക്കിയ മറുപടിയിൽ മേൽ പർച്ചേസിൽ കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ (CPRCS) കെൽട്രോൺ മുഖാന്തിരം വാങ്ങാൻ ശ്രമിച്ചിരുന്നുവെങ്കിലും CPRCS സാങ്കേതിക തകരാറുമൂലം സാധിച്ചിരുന്നില്ലെന്നും, സാമ്പത്തിക വർഷം അവസാനിക്കാൻ ആയതിനാലും, കൃഷി ഓഫീസിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ ഇല്ലാത്തതിനാലും ഗ്രാമപഞ്ചായത്തിന്റെ 06/10/2021 നടന്ന സാധാരണ/അടിയന്തര യോഗത്തിലെ 1(7) നമ്പർ തീരുമാന പ്രകാരം ക്വട്ടേഷൻ മുഖേന വാങ്ങിയതാണെന്ന് അറിയിച്ചിട്ടുണ്ട്. വർഷാവസാനമായതിനാൽ വാങ്ങൽ നടത്തി എന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

ഭാവിയിൽ വാങ്ങൽ നടപടികൾ സ്വീകരിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-18 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ - തുക ചെലവഴിച്ച് ഒരു വർഷത്തോളമായിട്ടും മരുന്ന് ലഭ്യമായില്ല

അടങ്കൽ :-200000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 200000/-(ബിൽ നം.137 /21-22/1.11.21 )

മേൽ ബിൽ മുഖാന്തിരം ഹോമിയോ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി തുക ഹോമിയോ മെഡിക്കൽ ഓഫീസർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഹോംകോയ്ക്ക് തുക നൽകി ഒരു വർഷത്തോളമായിട്ടും 118898 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 81102 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാൻ ബാക്കിയുണ്ട്.

പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാ ണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (5/21-11-22) മറുപടി നൽകിയിട്ടില്ല. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ 81102 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 എസ്.സി.പഠനമുറി കരാർ വച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം/പേര് | 37/22പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി |
| ചെലവു തുക | 1406130(വികസന ഫണ്ട്.എസ്.സി.പി) |

പ്രൊജക്റ്റ് പ്രകാരം 2021-22 വർഷം എഗ്രിമെന്റ് വച്ച് തുക കൈപ്പറ്റിയ താഴെ കൊടുത്ത ഗുണഭോക്താക്കൾ ഓഡിറ്റ് തീയ്യതി വരെയും പഠനമുറി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ഗഡുക്കളും തുകയും |
|---|---|---|

| | | |
|---|---|---|
| 1 | രാജൻ പൊന്നോട്ടു കണ്ടി<br>വട്ടോളി ബസാർ | 100000(1,2 ഗഡുക്കൾ) |
| 2 | ശശീന്ദ്രൻ എൻ.കെ<br>നൊച്ചിക്കണ്ടി<br>കണ്ണാടിപ്പൊയിൽ | 100000(1,2 ഗഡുക്കൾ) |
| 3 | മിനി .പി.ആർ<br>വാലോറമലയിൽ | 100000(1,2 ഗഡുക്കൾ) |
| 4 | രജനി നടുപ്പൊയിൽ | 100000(1,2 ഗഡുക്കൾ) |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (12/29-11-22) മറുപടി നൽകിയിട്ടില്ല. 4 ഗുണഭോക്താക്കളുടെയും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

1-20 തെരുവു വിളക്കുകൾ മുഴുവൻ എൽ.ഇ.ഡി ആക്കിയെങ്കിലും വൈദ്യുതി ചാർജ്ജിനത്തിൽ കുറവില്ല.

2018-19 മുതൽ സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ മുഖേന ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ മുഴുവൻ എൽ.ഇ.ഡി വിളക്കുകളാക്കി മാറ്റിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പ്രൊജക്ടിന്റെ പേര് ,നം | ചെലവ് തുക | മാറ്റിയ എൽ.ഇ.ഡി വിളക്കുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 2018-19 | 11/2019കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കൽ | 888800 | 225 |
| 2 | 2020-21 | 155/21(സ്പിൽഓവർ) കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കൽ | 900000 | 250 |
| 3 | 2021-22 | 126/22 കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കൽ | 118800 | 80 |
| | | | 1907600 | 555 |

താഴെ കൊടുത്തിരിക്കുന്ന ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നിലവിലുള്ള 555 വിളക്കുകളാണ് ഇപ്രകാരം മാറ്റിയിരിക്കുന്നത്.

| ഇലക്ട്രിക്കൽ സെക്ഷൻ | തെരുവുവിളക്കുകളുടെ എണ്ണം |
|---|---|

| | |
|---|---|
| ഉണ്ണികുളം | 165 |
| കൂട്ടാലിട | 64 |
| ബാലുശ്ശേരി | 325 |
| | 554+1 |

2018-19 മുതൽ 2021-22 വരെ മുഴുവൻ പരമ്പരാഗത സി.എഫ്.എൽ വിളക്കുകളും മാറ്റി എൽ.ഇ.ഡി ആക്കിയിട്ടുണ്ട്. ഇപ്രകാരം എൽ. ഇ.ഡിയിലേക്ക് മാറുമ്പോൾ തന്നെ പഞ്ചായത്തിന്റെ വൈദ്യുതി ചാർജ്ജിനത്തിലുള്ള ചെലവും വർഷം തോറും കുറഞ്ഞു വരേണ്ടതാണ്. എന്നാൽ 18-19 മുതലുള്ള വാർഷിക കണക്കുകൾ പരിശോധിച്ചതിൽ നിന്നും വൈദ്യുതി ചാർജ്ജിന്റെ ചെലവ് ക്രമാതീതമായി കുറയുകയുണ്ടായിട്ടില്ലെന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| വർഷം | വൈദ്യുതി ചാർജ്ജ് |
|---|---|
| 2018-19 | 489616 |
| 2019-20 | 539843 |
| 2020-21 | 523605 |
| 2021-22 | 518427 |

2022 ഏപ്രിൽ മാസത്തിൽ കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും ആയതു പ്രകാരം രജിസ്റ്ററിൽ വിളക്കുകളുടെ വാട്സ് , വൈദ്യുതി ചാർജ്ജ് എന്ന ക്രമത്തിൽ രേഖപ്പെടുത്തി വച്ചിട്ടില്ല. 2016ൽ നടത്തിയ സംയുക്ത പരിശോധനയുടെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴും വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. പഞ്ചായത്തിലെ തെരുവുവിളക്കുകൾ മീറ്ററിംഗ് സംവിധാനത്തിലല്ല പ്രവർത്തിക്കുന്നത്. 28-10-2022ലെ കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സർക്കിൾ, കോഴിക്കോടിന്റെ ഇ.സി.കെ/street Light Metering/2022-23/2513 നമ്പർ കത്ത് പ്രകാരം പനങ്ങാട് പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ഇലക്ട്രിക്കൽ കണക്ഷനുകൾ മീറ്റർ സ്ഥാപിക്കാത്തവയാണെന്നും അതിനാൽ 8A താരിഫിലാണ് ബില്ല് ചെയ്യുന്നതെന്നും മീറ്റർ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ ഇലക്ട്രിക്കൽ കണക്ഷനുകൾ 8 B താരിഫിൽ കുറഞ്ഞ നിരക്കിലാണ് ബില്ല് ചെയ്യുന്നതെന്നും പറഞ്ഞിട്ടുണ്ട്. ആയതിനാൽ കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് കണക്ഷനുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനാവശ്യപ്പെട്ടിട്ടുണ്ട്.

എൽ.ഇ.ഡി ആക്കി മാറ്റിയതിനു ശേഷം കറണ്ട് ചാർജ്ജ് കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വൈദ്യുതി ബോർഡുമായി ചേർന്ന് കറണ്ട് ചാർജ്ജ് കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (13/29-11-22) മറുപടി നൽകിയിട്ടില്ല. കറണ്ട് ചാർജ്ജ് കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഈയിനത്തിലുള്ള ചെലവ് കുറച്ച് അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-21 വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി താഴെ കൊടുത്തിരിക്കും പ്രകാരം 20-21 വർഷത്തിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ 11 പ്രോജക്ടുകളിൽ തുക വകയിരുത്തി 11 പ്രോജക്ടുകളും

നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നം./പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 18/22 വേനൽ വിളയായി നെൽപ്പാടത്ത് ചെറുപയർ കൃഷി | 25200(വികസന ഫണ്ട്) | 25100 |
| 2 | 19/212 പശു ഗ്രാമം-വനിത | 770000(വികസന ഫണ്ട്)+770000 (ബാങ്ക് വായ്പ) = 1540000 | 1540000 |
| 3 | 20/22 പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 49300(വികസന ഫണ്ട്) + 49300 (ഗുണഭോക്തൃ വിഹിതം)=98600 | 98600 |
| 4 | 23/22 സുഫലം ഫലവൃക്ഷതൈ വിതരണം | 174500(വികസന ഫണ്ട്)+860(തനതു ഫണ്ട്) = 175360 | 174500(വികസന ഫണ്ട്) |
| 5 | 32/22വല്ലംനിറ പച്ചക്കറി തൈ വിതരണം | 350000(വികസന ഫണ്ട്)+100(തനതു ഫണ്ട്) = 350100 | 350000(വികസന ഫണ്ട്) |
| 6 | 38/22 ആട് ഗ്രാമം വനിത | 250000(വികസന ഫണ്ട്)+250000 (ബാങ്ക് വായ്പ) = 500000 | 500000 |
| 7 | 41/22 പശുഗ്രാമം വനിത-എസ്.ടി | 220000(വികസന ഫണ്ട്-ടി.എസ്.പി) | 220000 |
| 8 | 57/22 വനിത ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ്-സംയുക്ത പ്രോജക്ട് | 545500(വികസന ഫണ്ട്)+35802(ജില്ലാ പഞ്ചായത്ത് വിഹിതം)+ 150000 (ബ്ളോക്ക് പഞ്ചായത്ത് വിഹിതം)= 731302 | 731302 |

| | | | |
|---|---|---|---|
| 9 | 71/22 വനിതകൾക്ക് കട്ടിൽ (ജനറൽ) | 400000(വികസന ഫണ്ട്)+ 2752 (തനതു ഫണ്ട്)= 402752 | 1402752 |
| 10 | 171/22സി.ഡി.എസ് ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | 23750(വികസന ഫണ്ട്) | 23750 |
| 11 | 173/22പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(സ്പിൽ ഓവർ) | 49300(വികസന ഫണ്ട്)+49300(ഗുണഭോക്തൃ വിഹിതം) = 98600 | 49300(വികസന ഫണ്ട്) |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) സ.ഉ (കൈ)നം.11/2018/തസ്വഭവ.തീ.29.1.2018 ഖണ്ഡിക 5.4.1(10)പ്രകാരം വികസനഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ,വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്,വിപണന കേന്ദ്രങ്ങൾ,ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം,സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രൊജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ,പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കോണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. മൃഗസംരക്ഷണമേഖല, ക്ഷീര മേഖല, കാർഷികമേഖല എന്നിവയിൽ വനിതകൾക്കുള്ള സബ്സിഡി, വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ക്രമ നമ്പർ 9,10 എന്നിവ പ്രകാരമുള്ള പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ സാംഗത്യം വ്യക്തമല്ല.

അപാകതയ്ക്ക് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (3/26-11-22) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പ്രൊജക്ടുകൾ പ്രകാരം തുക കൈമാറി - കെ.എം.എസ്.സി എല്ലിൽ നിന്നും മരുന്ന് ലഭ്യമായില്ല.

താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾ മുഖേന മരുന്ന് ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കെ.എം.എസ്.സി എല്ലിന് തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതു വരെ ലഭ്യമായില്ല.

| ക്രമ നം | പ്രൊജക്ട് നം/പേര് | കൈമാറിയ തുക | ബിൽ നം | ഓഡിറ്റ് തിയ്യതി വരെ ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 1 | 16/22 കിടപ്പിലായ രോഗികൾക്ക് | 200000 | 164/22-12-21 | ലഭ്യമായിട്ടില്ല | 200000 |

| | | | | | |
|---|---|---|---|---|---|
| | ഗൃഹകേന്ദ്രീകൃത സ്വാന്തന ചികിത്സ | | | | |
| 2 | 124/22 കോവിഡ് പ്രതിരോധ പ്രവർത്തനം മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ | 117554 | 319/8-3-22 | 95452 | 22102 |
| | ആകെ | | | | 222102 |

222102 രൂപയുടെ മരുന്നുകൾ കെ.എം.എസ്സ്.സി.എല്ലിൽ നിന്നും ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (6/26-11-22) മറുപടി നൽകിയിട്ടില്ല. കെ.എം.എസ്സ്.സി.എല്ലിൽ നിന്ന് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ 222102 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-23 ഇ – പേയ് മെന്റ് മുഖേന അടവാക്കുന്ന തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല.

2021 - 22 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ, റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് (ഒക്ടോബർ 2022) , 2021-22 രസീത് വരവ് എന്നിവ പരിശോധിച്ചതിൽ വിവാഹരജിസ്ട്രേഷൻ, ജനന - മരണ രജിസ്ട്രേഷൻ എന്നിവയുടെ ഫീസിനത്തിൽ പൊതുജനങ്ങൾ ഇ - പേയ് മെന്റ് മുഖേന അടവാക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ ഇ – പേയ് മെന്റ് ബാങ്ക് അക്കൗണ്ടിൽ പൂർണ്ണമായും വരവ് വന്നിട്ടില്ലെന്ന് കാണുന്നു. 01/10/2022 മുതൽ 31.10.22 വരെ പ്രസ്തുത ഇനങ്ങളിൽ 62,648/- രൂപ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല എന്നാൽ മേൽ തുകകൾ ബേങ്ക് ബുക്കിൽ വരവ് വന്നിട്ടുമുണ്ട് . വിവാഹരജിസ്ട്രേഷൻ, ജനന മരണ രജിസ്ട്രേഷൻ, വസ്തുനികുതി എന്നീ ഇനത്തിൽ ഇ-പേയ്മെന്റ് മുഖേന അടവാക്കുന്ന തുകകൾ നിലവിൽ ഐ.കെ.എം ന്റെ ബാങ്ക് അക്കൗണ്ടിലാണ് ക്രഡിറ്റ് ആവുന്നത്. പ്രസ്തുത തുകകൾ ഐ.കെ.എം ട്രാൻസ്ഫർ ചെയ്യുമ്പോൾ നിശ്ചിത തുകയായി ക്രഡിറ്റ് ചെയ്യുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ബേങ്ക് അക്കൗണ്ടിൽ വരവായി വരുന്നത്. എന്നാൽ ഈ തുക ഏതൊക്കെ ഇനത്തിലുള്ള വരവാണെന്ന് തിരിച്ചറിയുന്നതിന് നിലവിൽ സാധിക്കുന്നില്ല. മുൻകാലങ്ങളിൽ ഇ-പെയ്മെന്റ് മുഖേന വരുന്ന തുക ഐ.കെ.എം ന്റെ തന്നെ സോഫ്റ്റ് വെയർ മുഖേന തരം തിരിച്ച് മനസ്സിലാക്കുന്നതിന് സാധിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന് അതാത് ദിവസം തന്നെ അർഹമായ തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നതിന് അനന്തമായ കാലതാമസം വരുന്നത് ശരിയായ നടപടിക്രമമല്ല. തനത് ഫണ്ട് സമയബന്ധിതമായി അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നതിനും, തുക തരം തിരിച്ച് മനസ്സിലാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/2021-22/28.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് അതാത് ദിവസം തന്നെ അർഹമായ തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നതിനും, തുക തരം തിരിച്ച് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 പഞ്ചായത്തിൽ 5 വർഷ ഗ്യാരന്റിയുള്ള റോഡുകൾ നിർമ്മിച്ചില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ. (കൈ) 11 /2018 /തസ്വഭവ തിയ്യതി. 29.01.2018 ഖണ്ഡിക 7.13.12പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടു കൂടി നിർമ്മിക്കാൻ പറയുന്നുണ്ട്. പനങ്ങാട് ഗ്രാമ പഞ്ചായത്ത് 2018-19 മുതൽ നാളിതുവരേ നടപ്പിലാക്കിയ വാർഷിക

പദ്ധതികളിൽ 5 വർഷ ഗ്യാരന്റിയോടു കൂടി ഏതെങ്കിലും റോഡുകൾ നിർമ്മിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 2/26-11-2022 ന് അസി.എഞ്ചിനീയർ നൽകിയ വാക്കാലുള്ള മറുപടിയിൽ ഇത്തരം റോഡുകൾ പനങ്ങാട് ഗ്രാമ പഞ്ചായത്തിൽ നിർമ്മിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. 5 വർഷ ഗ്യാരന്റിയോടു കൂടിയുള്ള റോഡുകൾ നിർമ്മിക്കാനുള്ള സാധ്യത സർക്കാർ തുറന്നു തന്നിട്ടും ഉപയോഗപ്പെടുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-25 ഡെപ്പോസിറ്റ് വർക്ക് സമയബന്ധിതമായി പൂർത്തിയാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 131/22

പ്രോജക്ട് : പഞ്ചായത്ത് ഓഫീസിൽ കുഴൽകിണർ

ബിൽ നമ്പർ, തുക : 67/22-03-2022 , 34,645/-

പഞ്ചായത്ത് ഓഫീസിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ടിൽ ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 05-03-2022ലെ ജി.ഡബ്ള്യൂ/കെ.കെ.ഡി/ടി-1500/21 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയായ 34,645/-രൂപ ഭൂജല വകുപ്പ് ജില്ലാ കാര്യാലയത്തിന് കൈമാറിയിട്ടുണ്ട്. തുക കൈമാറി നാളിതുവരെയായിട്ടും ഭൂജല വകുപ്പ് പഞ്ചായത്ത് ഓഫീസിൽ കുഴൽകിണർ കുഴിക്കാനായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ജി.ഒ(എം.എസ്)11/2018/ ത.സ്വ.വഭ.വ തി.29-01-2018 നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 11.2.3(ഡി)(iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്കു ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഡെപ്പോസിറ്റ് വർക്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 19/2021-22 ന് മറുപടി നൽകിയിട്ടില്ല. ഡെപ്പോസിറ്റ് വർക്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-26 ക്രൂസിന് (KREWS) വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000 രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.04.2021 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പനങ്ങാട് ഗ്രാമപഞ്ചായത്ത് വൗച്ചർ നമ്പർ 22100135/ 19.5.2021 പ്രകാരം 2,000 രൂപ ക്രൂസിൽ അടവാക്കിയിട്ടുണ്ട്. ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയറക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പനങ്ങാട് ഗ്രാമ പഞ്ചായത്ത് തുടർവർഷങ്ങളിൽ ഈ വരിസംഖ്യ അടച്ചു വരുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയറക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ പനങ്ങാട് ഗ്രാമ പഞ്ചായത്ത് ക്രൂസിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങുകയോ തെരുവു വിളക്കുകളുടെ സ്ഥാപനത്തിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ

ക്ലബ്ബിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000 രൂപ നൽകിയതു കൊണ്ട് ഗ്രാമ പഞ്ചായത്തിന് നാളിതുവരെ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണ സമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 27/2021-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള ഗ്രാമ പഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-27 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. പനങ്ങാട് ഗ്രാമപഞ്ചായത്ത് 2021-22 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മൂന്നു തവണ മീറ്റിംഗ് ചേർന്നിട്ടുള്ളത്. 20-11-2021, 05-01-2022, 10-03-2022 എന്നീ തിയ്യതിയിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേരുകയുണ്ടായത്. ആ മീറ്റിംഗിലൊന്നും തന്നെ 2021-22 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാ മൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 21/2021-22 -ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 ടെണ്ടർ സ്വീകരിച്ച് സമയപരിധിക്കകം സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 150/22

പ്രോജക്ട് : കല്ലിടുക്കിൽ പൂവ്വമ്പായ് മല റോഡ്

ബിൽ നമ്പർ, തുക : 7/18-10-2021 , 538,665/-

: 33/22-03-2022, 223,830/-

കരാറുകാരൻ : ഷൈജു.കെ

എസ്റ്റിമേറ്റ് : 1,000,000/-

മേൽ പൊതുമരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ച്, ടെണ്ടർ തുറന്ന് കരാറുകാരനെ പഞ്ചായത്ത് ഭരണസമിതി തിരഞ്ഞെടുത്തതിനു ശേഷം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കാനുള്ള സമയപരിധി പാലിച്ചിട്ടില്ല. ഏകവർഷ പ്രോജക്ട് ആയ ഈ പ്രവൃത്തി തൻവർഷം പൂർത്തീകരിക്കാൻ സാധിക്കാതെ ഇതിനായി 2020-21-ൽ വകയിരുത്തിയ തുക ലാപ്സാവുകയാണുണ്ടായത്. തുടർ വർഷം സ്പിൽഓവർ പ്രോജക്ട് ആയി ഉൾപ്പെടുത്തേണ്ടതായും വന്നു. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരൻ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച കഴിഞ്ഞാൽ 7 ദിവസമോ ഫേം പിരീഡോ ഏതാണ് ആദ്യം വരുന്നത് ആ പരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കേണ്ടതാണ്. കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയച്ച കഴിഞ്ഞ് 14 ദിവസത്തിനകം കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമയ്ക്കേണ്ടതുമാണ്. ഇങ്ങനെ 14 ദിവസം കഴിഞ്ഞ് 10 ദിവസം കൂടി കരാർ ചമയ്ക്കാൻ കരാറുകാരന് അനുവദിക്കേണ്ടതും ഇതിനു ശേഷം കരാർ വെക്കണമെങ്കിൽ കരാറുകാരനിൽ നിന്നും പി.എ.സിയുടെ 1% പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാർ ചമയ്ക്കാവൂ. ഇവിടെ ചട്ടം അനുശാസിക്കുന്ന ടെണ്ടർ അംഗീകരിച്ച് 7 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ് എന്ന സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ.

| 1 | 2 | 3 | 4 | 5 | 6 | |
|---|---|---|---|---|---|---|
| | ടെണ്ടർ തിയ്യതി | ഭരണ സമിതി അംഗീകരിച്ച തിയ്യതി | സെലക്ഷൻ നോട്ടീസ് അയക്കേണ്ട തിയ്യതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട തിയ്യതി | സെലക്ഷൻ നോട്ടീസ് തിയ്യതി | എഗ്രിമെന്റ് വെച്ച തിയ്യതി |
| | 03-07-2020 | 07-07-2020 | 14-07-2020 | 08-08-2020 | 22-07-2020 | 12-08-2020 |

യഥാസമയം സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നതിനാൽ, 24 ദിവസം കഴിഞ്ഞ് കരാർ വെച്ച കരാറുകാരനിൽ നിന്നും ഈടാക്കേണ്ട ഫൈൻ തുകയായ പി.എ.സി 1,000,000/-(പത്തു ലക്ഷം രൂപ) യുടെ 1% തുകയായ 10,000/-(പതിനായിരം) രൂപ കരാറുകാരനിൽ നിന്നും ഈടാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മേൽ കാണിച്ചതിൻ പ്രകാരം ടെണ്ടർ അംഗീകരിച്ച കഴിഞ്ഞാൽ 7 ദിവസമോ ഫേം പിരീഡോ ഏതാണ് ആദ്യം വരുന്നത് ആ പരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നതിനാൽ ആ വർഷം തന്നെ പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വരുകയും കരാർവെയ്ക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കാനും സാധിച്ചിട്ടില്ല.

കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഫയലിൽ നിന്നും ലഭ്യമല്ല. കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനും സമയപരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നതിന് വിശദീകരണം നൽകാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 22/2021-22ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകിയും രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 സ്പിൽഓവർ പ്രവൃത്തികൾ : തൻവർഷം ചെലവില്ല

സ്പിൽഓവർ പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 10.1(1) മുതൽ (4)വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രൊജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രൊജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം തുടർന്ന് നിർവ്വഹണ

നടപടികൾ ആരംഭിക്കാത്ത പ്രൊജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും,ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ നിർവ്വഹണം പാഴ്ച്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് പ്രൊജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ.

| | പ്രൊജക്ട് നം. | പ്രൊജക്ട് | വകയിരുത്തിയ തുക | വകയിരുത്തിയ ഫണ്ട് |
|---|---|---|---|---|
| 1 | 147/22 | പകൽവീട് അടുക്കളയും അനുബന്ധ പ്രവൃത്തികളും | 100,000/- | തനതുഫണ്ട് |
| 2 | 144/22 | ബാലുശ്ശേരി പള്ളിത്താഴ റോഡ് ടാറിംഗ് | 50,000/- | മറ്റു ഗ്രാമപഞ്ചായത്ത് |
| 3 | 145/22 | കാവുംപുറം തെങ്ങിൻകുന്ന് റോഡ് റീടാറിംഗ് | 153,651/- | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 4 | 146/22 | ഏഴുകണ്ടി സബ്സെന്റർ അറ്റകുറ്റപണി | 107,439/- | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 5 | 164/22 | കട്ടൻപിലാവിൽ കുടിവെള്ള പദ്ധതി | 270,000/- | ധനകാര്യ കമ്മറ്റി കമ്മീഷൻ അവാർഡ് |
| 6 | 168/22 | തലയാട് കോളനി കുടിവെള്ള പദ്ധതി | 2,164,000/- | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |

മേൽ പറഞ്ഞ നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കേണ്ട പ്രൊജക്ടുകൾ മാത്രം സ്പിൽഓവറായി ഉൾപ്പെടുത്തിയതിൽ 6 പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു ചെലവും ഇല്ലാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ് .( ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 23/2021-22ന് മറുപടി നൽകിയിട്ടില്ല).

## 1-30 അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായുള്ള അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും അവിടെ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒന്നിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ഒന്നിച്ചു ലഭിക്കുന്ന അളവു പുസ്തകങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുകയും, ഓരോ പ്രവൃത്തിയും അളവെടുക്കുന്നതിനായി ഈ സ്റ്റോക്കിൽ നിന്നും അളവു പുസ്തകങ്ങൾ എടുക്കുമ്പോൾ പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പറും രേഖപ്പെടുത്തി സ്റ്റോക്കിൽ കുറവുവരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന അളവു പുസ്തകങ്ങൾ മേൽപറഞ്ഞ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോക്ക് രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 24/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അളവു പുസ്തക സ്റ്റോക്ക് രജിസ്റ്റർ എഴുതിത്തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 വിലക്ക് നിലവിലുള്ള കാലം ആർജ്ജിതാവധി സറണ്ടർ ചെയ്തു

പഞ്ചായത്തിലെ 12 സ്ഥിര ജീവനക്കാർ 2021 ജൂൺ മാസത്തിൽ ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ട്. വൗച്ചർ നമ്പർ 22100185/02-06-2021 പ്രകാരം 374,705/-രൂപയും വൗച്ചർ നമ്പർ

22100186/02-06-2021 പ്രകാരം 53,058/-രൂപയും വൗച്ചർ നമ്പർ 22100200/09-06-2021 പ്രകാരം 79,698/-രൂപയും ചേർത്ത് ആകെ 507,461രൂപയാണ് ഇതിനായി ചെലവഴിച്ചത്. വിശദാംശം ചുവടെ.

| | പേര് | സറണ്ടർ തുക |
|---|---|---|
| 1 | മുഹമ്മദ് ലുക്മാൻ.എം.പി (സെക്രട്ടറി) | 79,688 |
| 2 | ബിജു കല്ലംകിട (അക്കൗണ്ടന്റ്) | 53,058 |
| 3 | സിറാജുദ്ധീൻ.ടി.എം (സീ.ക്ളർക്ക്) | 49,395 |
| 4 | ഷബീർ അലി.ടി (സീ.ക്ളർക്ക്) | 46,953 |
| 5 | പ്രബില.ഇ (സീ.ക്ളർക്ക്) | 42,513 |
| 6 | മനോജ് കുമാർ.ടി.എം (ക്ളർക്ക്) | 45,843 |
| 7 | ജോഷി ജാസഫ് (ക്ളർക്ക്) | 37,518 |
| 8 | ഷമാന.സി.കെ (ക്ളർക്ക്) | 31,909 |
| 9 | ജയന്ത്.ആർ (ക്ളർക്ക്) | 31,909 |
| 10 | ജാഷിർ പ്രകാശ്.കെ.ജെ (ക്ളർക്ക്) | 30,304 |
| 11 | ദേവദാസ്.കെ.എം. (ഓഫീസ് അറ്റൻഡന്റ്) | 30,304 |
| 12 | ബിജില.പി (ഓഫീസ് അറ്റൻഡന്റ്) | 28,057 |
| | ആകെ | 507,461 |

സ.ഉ.(പി) നം.104/2021/ഫിൻ തി.26-07-2021 പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നത് 01-06-2021 മുതൽ 6 മാസത്തേക്ക് മരവിപ്പിച്ചിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശം മറികടന്ന് 2021 ജൂൺ മാസത്തിൽ ആർജ്ജിതാവധി സറണ്ടർ ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 25/2021-22ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വൗച്ചർ പ്രകാരം ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനായി ചെലവഴിച്ച 507,461/- രൂപയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായ ദേവദാസ്.കെ.എം,ബിജില.പി എന്നിവർക്ക് നൽകിയ 58,361/- രൂപ കഴിച്ചുള്ള 449,100/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2 -1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021 – 22 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 30/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. മേൽ ചട്ടത്തിലെ 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്,മേൽവിലാസം | കെട്ടിട നമ്പർതറവിസ്തീർണ്ണം | റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള/ നികുതി ഈടാക്കിയ തറവിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | ഇബ്രാഹിം ,ചന്ദ്രത്തിൽ | 13/319B=63.69 $M^2$<br>13/319C=26.04 $M^2$<br>13/319D=25.95 $M^2$<br>13/319E=25.86 $M^2$<br>141.54 $M^2$ | 141.54 $M^2$ | 141.54X30+ 20% =5097 +256 | 141.54X50+ 20% = 8492 + 425 |

മേൽ കെട്ടിടത്തിന്റെ പുന:സമർപ്പിച്ച പൂർത്തികരണ പ്ലാൻ പ്രകാരം 100 $M^2$വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപ എന്ന രീതിയിൽ കണക്കാക്കാത്തതിനാൽ വസ്തുനികുതി ഈടാക്കിയതിൽ തൻ വർഷം മുതൽ 3395/-രൂപയും, ലൈബ്രറി സെസ്സിനത്തില് 169/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/2021 - 22 തീയതി - 29.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരവും, യഥാർത്ഥത്തിൽ ബാധകമായ നിരക്ക് പരിഗണിച്ചും നികുതി നിർണയിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട സെക്ഷനും, സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-2 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താത്തതിനാൽ തനത് ഫണ്ട് നഷ്ടപ്പെടുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടത്തിലെ) 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് വസ്തുനികുതി നിർണ്ണയിച്ചതിനാൽ 250 ച.മീ താഴെയുള്ള മുറികൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ കണക്കാക്കുന്നില്ല. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ

മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർദ്ധനവുണ്ട്. സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോറം 6 പ്രകാരം ഒരു ഉടമസ്ഥന്റെ ഒരേ ഉപയോഗത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിടത്തെ വ്യത്യസ്ത നമ്പർ നൽകി നികുതി നിർണ്ണയിക്കപ്പെട്ടതിനാലും, സഞ്ചയ സ്റ്റോറ്റ് വെയറിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ ഇത്തരത്തിലുള്ള വർദ്ധനവ് ബാധകമാവുകയുള്ളൂ എന്നതിനാലും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്തിയിട്ടില്ല. മേൽ കാരണത്താൽ 2021-22 സാമ്പത്തിക വർഷം നികുതി നഷ്ടം സംഭവിച്ച കെട്ടിടത്തിന്റെ എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗ ക്രമം |
|---|---|---|---|
| അബ്ദുൾ റസാഖ് തിയ്യക്കണ്ടി ,കിനാലൂർ | 154A-24.46M$^2$ | 395.57 ച.മീ | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ തുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാൾ |
| | 154 B -24.46 M$^2$ | | |
| | 154 C -48.98 M$^2$ | | |
| | 154 D-24.46 M$^2$ | | |
| | 154 E -24.46 M$^2$ | | |
| | 154 F -24.46 M$^2$ | | |
| | 154 G- 117.8M$^2$ | | |
| | 154 H – 88.41 M$^2$ | | |
| | 377.49 ച.മീ | | |

മേൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം ആകെ തറവിസ്തീർണ്ണം 395.57 ച.മീറ്ററാണ്. എന്നാൽ നികുതി നിർണ്ണയിക്കപ്പെട്ടത് 377.49 ച.മീ മാത്രമാണ്. നികുതി നിർണ്ണയത്തിൽ നിന്നും 18.08 ച.മീറ്റർ ഒഴിവാക്കപ്പെട്ടതുമൂലവും, 395.57 ച.മീറ്ററിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി

വർദ്ധനവ് വരുത്താത്തതിനാലും വസ്തുനികുതി ഇനത്തിലും ഗ്രന്ഥശാലാവരി ഇനത്തിലും നഷ്ടം വന്നിട്ടുണ്ട്.

18.08 ച.മീറ്റർ ഒഴിവാക്കപ്പെട്ടതുമൂലമുള്ള നഷ്ടം

18.08 X75+20% (റോഡിന്റെ തരം) +15% (മേൽതരം തറനിർമ്മിതി)
+5% (ഗ്രന്ഥാശാലാവരി)=1831 +92/-രൂപ

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നഷ്ടം

ആയതിനാൽ ഈ ഇനത്തിൽ 377.49X75 = 28311.75X15% = 4247 രൂപ വസ്തുനികുതി
ഇനത്തിലും, ഗ്രന്ഥശാലാവരി ഇനത്തിൽ 213/- രൂപയും നഷ്ടം വന്നിട്ടുണ്ട്.

ആയതിനാൽ 6078 രൂപ മേൽ കെട്ടിടത്തിൽ നിന്ന് വസ്തുനികുതി ഇനത്തിലും, ഗ്രന്ഥശാലാവരി ഇനത്തിൽ 305/- രൂപയും നഷ്ടം വന്നിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (16/21 – 22/ തീയതി - 29.11.2022) ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.
250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യം/പാർപ്പിടാവശ്യം ഉൾപ്പെടെ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർദ്ധനവ് ചുമത്തി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഒരു ഉടമസ്ഥന്റെ കെട്ടിടത്തിന് വ്യത്യസ്ത ഉപയോഗത്തിനല്ലാത്ത പക്ഷവും, വ്യക്തമായ കാരണം ഇല്ലാതെയും ഓരോ മുറികൾക്ക് പ്രത്യേകം നമ്പർ നൽകി നികുതി നിർണ്ണയിക്കുന്നത് ശരിയായ നടപടിയല്ല. ഇത്തരത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിനുള്ള സാഹചര്യത്തിനും, മേൽ അപാകതയ്ക്കും മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് ഓരോ തവണയും 2% വും,മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി സർക്കാർ ഉത്തരവു പ്രകാരം 6 മാസം കൂടി നീട്ടി നൽകിയിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| 1 | 2 | 3 | 4 |
|---|---|---|---|
| പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ, | ബിൽ/സാങ്ഷൻ ഓർഡർ നമ്പർ,തുക |

| | | | |
|---|---|---|---|
| | | ടെണ്ടർ നിരക്ക് | |
| കല്ലിട്ടക്കിൽ പൂവ്വമ്പായ് മല റോഡ്,150/22 | 1,000,000/- | ഷൈജു.കെ, 929,267/- | (1)7/18-10-2021, 538,665/-, (2)33/22-03-2022, 223,830/- 3(3)408/30-03-2021, 231,375/-(2020-21ലെ ചെലവ്)(ആകെ = 993,870/-) |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| കരാർ തിയ്യതി | പൂർത്തീകരിക്കേണ്ട , കാലയളവ് തിയ്യതി | അധികരിച്ച 6 മാസം ചേർത്ത് പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘിപ്പി കരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘിപ്പിക്കരണത്തിന് ഈടാക്കേണ്ട പിഴ2% | ആകെ ദീർഘിപ്പി കരണത്തിന് ഈടാക്കേണ്ട പിഴ (7+8) |
| 12-08-2020 | 231ദിവസം (31-03-2020), | 30-09-2021 | 31-12-2021 (92 ദിവസം) | 9292.67 (58ദിവസം) | 10894.85/- (34 ദിവസം /58 X 2%) | 20188/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 20/2020-21ന് മറുപടി നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 20,188/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 22.11.2022- 30.11.2022 | ഈ റിപ്പോർട്ടിനോടൊപ്പം |

| | | പുറപ്പെടുവിച്ച |
|---|---|---|

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 350000 | സംയോജിത നെൽകൃഷി വികസനം -കൂലി ചെലവ് സബ്സിഡി | 350000 |
| | 2021-22 | 595340 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 595340 |
| | 2021-22 | 200000 | ക്ഷീരകർഷകർ അളക്കുന്ന പാലിൻ ഇൻസെന്റീവ്- സംയുക്ത പ്രോജക്റ്റ് | 200000 |
| | 2021-22 | 150000 | വനിതാ ക്ഷീരകർഷകർ അളക്കുന്ന പാലിൻ ഇൻസെന്റീവ്- സംയുക്ത പ്രോജക്റ്റ് | 150000 |
| | 2021-22 | 1403079 | ലൈഫ്ഭവനപദ്ധതി(എസ്.സി) | 1403079 |
| | 2021-22 | 775781 | ലൈഫ്ഭവനപദ്ധതി ജനറൽ | 775781 |
| | | 3474200 | | 3474200 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 210000 | സംയോജിത നെൽകൃഷി വികസനം -കൂലി ചെലവ് സബ്സിഡി | 210000 |
| | 2021-22 | 555000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 555000 |
| | 2021-22 | 2380000 | ലൈഫ്ഭവനപദ്ധതി(എസ്.സി) | 2380000 |
| | 2021-22 | 500000 | ലൈഫ്ഭവനപദ്ധതി ജനറൽ | 500000 |
| | 2021-22 | 35802 | വനിതാ ക്ഷീരകർഷകർ അളക്കുന്ന പാലിൻ | 35802 |

| | | | | |
|---|---|---|---|---|
| | | | ഇൻസെന്റീവ്- സംയുക്ത പ്രോജക്റ്റ് | |
| ആകെ | | 3680802 | | 3680802 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ സാങ്ഷൻ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | പഞ്ചായത്ത് ഓഫീസിൽ കുഴൽ കിണർ | 67/22-3-22 | 34,645-/ | 0 | 34645-/ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 2278/LSGD Dtd 18.08.2018 | 0 | 12263702 | 1804001 | 0 | 10456701 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 416516 |
| തൻവർഷം നിക്ഷേപിച്ച തുക | 35404 |

| | |
|---|---|
| ആകെ | 451920 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 451920 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 2020-21 | 3-2 | 16293 | അബു.കെ.കെ അസിസ്റ്റന്റ് എഞ്ചിനീയർ | 121040103323 തീ.03/01/2022 |
| 2019-20<br>2020-21 | 3-2<br>3-3 | 16681 | വിജേഷ്.എം, അസിസ്റ്റന്റ് എഞ്ചിനീയർ | 121040103328 തീ.03/01/2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | | 2001-02 | 11.7.പേജ് 76 | വയലട പ്രാഥമികാരോഗ്യ കേന്ദ്രം- പാഴ് ചെലവ് | 2006-08(11) ഖ 153 നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 2001-02 | | 2002-03 | 11(3),പേജ് 114,115 | ഓട്ടുമേയൽ ധനസഹായം | 2011-14(12) ഖ.71 |

| | | | | | |
|---|---|---|---|---|---|
| | | | | | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.4,പേജ് 118 | നളന്ദ ഹെറിറ്റേജ് മ്യൂസിയം | |
| 2003-04 | 3-2 | 2006-07 പൊതു പരാമർശം) | 3.79.12.4.പേജ് 109 | കാർഷികോപകരണ വിതരണം | |
| 2015-16 | 3-5 | 2016-17 | 6B പേജ് 93 | ആശ്രയ ധനവിനിയോഗം സാധ്യമാകാത്തത് | |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4, പേജ് 188 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5, പേജ് 211 | തൊഴിൽ നികുതി അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 110166944 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97968419 |
| വരവിനങ്ങളിലുള്ള നഷ്ടം | 9947 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗികരിക്കാത്ത തുക | 20188 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 807304 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 3564 | - | ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി , സെക്രട്ടറി |
| 2-2 | 6383 | - | ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി , സെക്രട്ടറി |
| 3-1 | - | 20188 | ശിവപ്രസാദ്, |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 55000-/ | എ.ജെ.ജോയ്, വെറ്റിനറി സർജൻ |
| 1-18 | 81102-/ | ഡോ. മുഹമ്മദ് റാഷിദ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-22 | 222102-/ | ഡോ. ശരണ്യ ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-31 | 449100-/ | ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി ,സെക്രട്ടറി |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ലൈബ്രറി സെസ്- 484-/ രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.ജെ.ജോയ്, വെറ്റിനറി സർജൻ | മൃഗാശുപത്രി, ബാലുശ്ശേരി, വട്ടോളി ബസാർ | ആനന്ദ കൈലാസ് നഗർ, വെസ്റ്റ് ഹിൽ, കോഴിക്കോട് |
| ഡോ. മുഹമ്മദ് റാഷിദ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഹോമിയോ ഡിസ്പെൻസറി, മങ്കയം | പുതിയമ്പ്ര, ഉണ്ണികുളം |
| ശ്രീമതി അജിത.ടി , ഐ.സി.ഡി.എസ് സൂപ്പർവൈസർ | പനങ്ങാട് ഗ്രാമ പഞ്ചായത്ത് | അയ്യപ്പൻകണ്ടിയിൽ വീട്, കണ്ണങ്കര, ചേളന്നൂർ |
| ഡോ. ശരണ്യ ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | പി.എച്ച്. സി, വയലട | ശ്രീശൈലം, ചെമ്പ്ര റോഡ്, പേരാമ്പ്ര |

| | | |
|---|---|---|
| ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി<br>സെക്രട്ടറി | പനങ്ങാട്<br>ഗ്രാമപഞ്ചായത്ത് | കല്ലുകണ്ടി വീട്, നന്മണ്ട |
| ശിവപ്രസാദ്,<br>അസി.എഞ്ചിനീയർ | പനങ്ങാട്<br>ഗ്രാമപഞ്ചായത്ത് | ശിവാനി,<br>വട്ടോളി ബസാർ പി.ഒ |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി.പി10/<br>349/11<br>തീയതി. 02/06/2011 | 2 | 14,19 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി16/<br>834/18<br>തീയതി. 04/05/2018 | 1 | 2-8 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി16/<br>2773/18(2)തീയതി. 28/06/2019 | 1 | 12 |
| 2003-04 | കെ.എസ്.എ. കെ.കെ.ഡി.പി16/<br>2773/18 തീയതി. 28/06/2019 | 1 | 3-2 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി16/<br>834/2018 | 5 | 3-6, 4-1, 4-2, 4-3, 4-4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി10/<br>353/11തീയതി. 11/02/2011,<br>31/03/2011 | 15 | 1A, 1B, 1C, 1D, 1E, 2-1, 2-2, 3-1, 3-2 {1,2,3}, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി10/<br>460/11 തീയതി 27/04/2011 | 34 | 1A,1B, 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 3-1, 3-2, 3-3, 3-4, 3-5(A,B), 3-6, |

| | | | |
|---|---|---|---|
| | | | 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 4-3, 4-4, 4-5, 4-6, 4,7 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി10/ 608/12(1) തീയതി 25.04.2012 | 35 | 1-1, 1-2, 1-3, 2-1, 2-2, 2-3, 2-4, 2-5,2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-14, 2-15, 2-16, 2-17, 3-1, 3-2, 3-3, 3-4, 3-5 , 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14(A,B), 3-15, |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10/ 1403/12 തീയതി. 30/07/2012 | 27 | എല്ലാ ഖണ്ഡികകളും നില നിൽക്കുന്നു |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി10/ 1166/14 തീയതി. 05/09/2013 | 39 | 1-1, 1-3, 1-6, 1-7, ഭാഗം2 (ഖണ്ഡിക 2-3, 2-6(2) എന്നിവ ഒഴികെ,) ഭാഗം 3, 4-2, 4-7 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി10/ 776/13(1) തീയതി. 18/07/2013 | 21 | 1-1, 1-6, 2-3(1), 2-4, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8(a), 3-10, 3-11, 3-12, 3-15, 3-16, 3-17, 3-18, 3-19, 4-3, 4-7 |
| 2011-12 & 2012-13 | എൽ.എഫ്.കെ.കെ.ഡി.പി10/ 1038/14 തീയതി. 04/07/2014 | 16 | 2-1(1,2,3,4), 2-2 (1,2,3), 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7,3-8, 3-9, 3-10, 3-11, 3-12, 4-11 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി8 /250/20 തീയതി. 26/05/2020 | 10 | 3-3, 3-4, 3-7 (1,5,6), 3-8, 3-10 (2), 3-11( 3, 5, 6), 3-15, 3-16, 3-17, 4-10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി8/ 20/20 തീയതി. | 7 | 3-2, 3-5, 3-9, 3-10, 3-15, 3-18, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി16/ 717/2019 തീയതി 13/08/2019 | 8 | 2-5(1), 3-2, 3-3, 3-4, 3-5, 3-6,3-7 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി10/ 913/2019 തീയതി 02/12/2019 | 18 | 1-12 (3), 2-1, 2-2, 2-3, 3-1 (4), 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-16, 3-17, |

| | | | |
|---|---|---|---|
| | | | 3-18, 3-20 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി8/ 1128/20 തീയതി. 07/12/2020 | 9 | 1-7(2,3,4,5,6), 1-9, 1-10, 1-11, 1-15, 1-16, 1-17,1-18, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി3/ 1042/21 തീയതി. 10/09/2021 | 49 | 1-1 To 1-31, 2-1, 3-1, 3-2, 4-1 To 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി3/ 1043/21 തീയതി. 13/09/2021 | 55 | 1-1 To 1-37, 3-1, 3-2, 3-3, 4-1 To 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്